I ഇ.ബി. XIII – കേരള നിയമസഭ/II-18

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ഒക്ടോബർ 24, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**റൂളിംഗ്**

**ഭരണപരമായ തീരുമാനങ്ങളുടെ പേരിൽ അടിയന്തരപ്രമേയം**

മി. സ്പീക്കർ: ഇന്ന് റൂൾ 50 അനുസരിച്ച് ചെയറിന് ലഭിച്ച നോട്ടീസിൽ ഭരണപരമായ കാര്യത്തെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. ക്യാബിനറ്റ് തീരുമാനമെടുത്ത് ഗവർണ്ണർ അംഗീകരിച്ച നടപടിയെക്കുറിച്ച് അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ലാത്തതാണ്. അങ്ങനെയുള്ളവ ഒഴിവാക്കാൻ ശ്രദ്ധിക്കണം. സഭയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയാണ് ചില കാര്യങ്ങൾ ചെയർ അനുവദിക്കുന്നത്. ഇതൊരു കീഴ്‌വഴക്കമായി തുടരാൻ സാധിക്കുകയില്ല.

**അടിയന്തരപ്രമേയം**

**വൈസ്ചാൻസലറെ നീക്കം ചെയ്ത നടപടി**

മി. സ്പീക്കർ: യൂണിവേഴ്സിറ്റി സ്വയംഭരണാവകാശങ്ങളും നിയമവ്യവസ്ഥകളും ലംഘിച്ചുകൊണ്ട് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ സ്ഥാനത്തുനിന്ന് ഡോ. ബി. അശോകനെ നീക്കം ചെയ്തതിനെ തുടർന്നുളവായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി. ദിവാകരൻ, എ. കെ. ബാലൻ, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഭരണപരമായ കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യണമോയെന്ന് തീരുമാനിക്കേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ സ്ഥാനത്തുനിന്ന് ഡോ. ബി. അശോകനെ നിയമപ്രകാരമാണ് നീക്കം ചെയ്തിട്ടുള്ളത്. സർവ്വകലാശാലാ നിയമം 12 (5) അനുസരിച്ചാണ് അദ്ദേഹത്തെ നിയമിച്ചത്. ഒരു വൈസ്ചാൻസലറെ എങ്ങനെ നിയമിക്കണമെന്ന് സർവ്വകലാശാലാ നിയമം 12 (2)-ൽ പറയുന്നുണ്ട്. ഗവൺമെന്റ് നിർദ്ദേശിക്കുന്ന ആളിനെ ആദ്യത്തെ വൈസ്ചാൻസലറായി ചാൻസലർ നിയമിക്കണമെന്നുള്ളതാണ് വ്യവസ്ഥ. അതനുസരിച്ചാണ് ഡോ. ബി. അശോകനെ നിയമിച്ചിട്ടുള്ളത്. ഇപ്പോൾ

ഗവൺമെന്റ് എടുത്ത തീരുമാനം ചാൻസലർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ നീക്കം ചെയ്തിട്ടുള്ളത്.

<u>ശ്രീ. സി. ദിവാകരൻ</u>: യൂണിവേഴ്സിറ്റി വൈസ്ചാൻസലറെ എല്ലാ നിയമനടപടികളും പൂർത്തിയാക്കിയാണ് നിയമിച്ചിട്ടുള്ളത്. സർവ്വകലാശാലാ നിയമത്തിലെ സെക്ഷൻ 12(8), 12(2) എന്നിവ പ്രകാരം നടപടിക്രമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് സർക്കാർ കൈക്കൊണ്ട തീരുമാനം സംസ്ഥാനത്തിന്റെ പൊതുതാൽപര്യത്തിന് വിരുദ്ധമാണ്. അനന്ത സാധ്യതകളുള്ള മൃഗസംരക്ഷണ മേഖലയിൽ ശാസ്ത്രീയമായ അടിത്തറയുണ്ടാക്കാനും കൂടുതൽ ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്താനും സർവ്വകലാശാലയായി വികസിപ്പിക്കാനുമായി മുൻ യു.ഡി.എഫ്. സർക്കാർ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ തുടർനടപടിയുണ്ടാകാതെ വന്നതിനെത്തുടർന്നാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ വേറൊരു കമ്മിറ്റി രൂപീകരിക്കുകയും കേന്ദ്ര സർവ്വീസിൽ നിന്നും 5 വർഷത്തേക്ക് വിട്ടുതന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ വൈസ് ചാൻസലറായി നിയമിക്കുകയും ചെയ്തത്. നിയമ ങ്ങളും ചട്ടങ്ങളും മറികടന്ന് അദ്ദേഹത്തെ മാറ്റാനുള്ള സാഹചര്യം എന്തായി രുന്നുയെന്നറിയാൻ അവകാശമുണ്ട്. ശമ്പളം ലഭിക്കാത്തതിനെത്തുടർന്ന് അദ്ദേഹം ഒരു ലേഖനം എഴുതിയതുകൊണ്ടാണ് ആ സ്ഥാനത്തുനിന്ന് മാറ്റി യതെന്ന് ചില പത്രങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. കാരണം കാണിക്കാതെ വൈസ്ചാൻസലറെ മാറ്റിയ നടപടി നാച്ചറൽ ജസ്റ്റിസിന്റെ നഗ്നമായ ലംഘ നമായതുകൊണ്ടും നിയമസഭ പാസ്സാക്കിയ നിയമത്തിന് വിരുദ്ധമായതു കൊണ്ടും സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വൈസ്ചാൻസലറെ നിയമിക്കാനും മാറ്റാനുമുള്ള അധികാരം ചാൻസലറായ ഗവർണർക്കുണ്ട്.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): നിയമവിരുദ്ധമായി യാതൊന്നും ചെയ്തിട്ടില്ല. മന്ത്രിസഭയുടെ ശുപാർശപ്രകാരം ഗവർണ്ണർ നിയമിച്ച വി.സി. യെ തിരിച്ചുവിളിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. പുതിയ വി.സി.യെ നിയമിക്കുന്നതുവരെയാണ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ചാർജ് കൊടുത്തിട്ടുള്ളത്. നടപടിക്രമങ്ങളെല്ലാം പാലിച്ചുകൊണ്ട് പുതിയ വി.സി.യെ നിയമിക്കുകയും ചെയ്യും. ഇതിൽ നിയമവിരുദ്ധമായി ഒന്നും ഇല്ലാത്തതിനാൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) കുട്ടനാട് പാക്കേജ് നടപ്പാക്കൽ**

ശ്രീ. ജി. സുധാകരൻ: കുട്ടനാട് പാക്കേജിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി ആലപ്പുഴ-കോട്ടയം-പത്തനംതിട്ട ജില്ലകളിലെ എല്ലാ പാടശേഖരങ്ങളും ബണ്ട് കെട്ടി ഭദ്രമാക്കുകയും കനാലുകളുടെ ആഴംകൂട്ടി, ചെളിമാറ്റി, പോള നശിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുകയും പോള വളരാതിരിക്കാൻ

സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും വേണം. നെല്ല് സംഭരിക്കുന്ന തിനാവശ്യമായ ഗോഡൗണുകൾ നിർമ്മിച്ച്, ശേഖരിക്കുന്ന നെല്ല് കുത്തി അരി യാക്കി ന്യായവിലയ്ക്ക് വിതരണം ചെയ്യണം. ആധുനിക റൈസ് മില്ലുകൾ നിർമ്മിച്ച് കുട്ടനാടൻ അരി ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം. കാർഷികോപകരണങ്ങൾ സൗജന്യമായി നൽകാനും അവ പൊതുസ്വത്തായി സൂക്ഷിക്കാനും നടപടി സ്വീകരിക്കണം. സൗജന്യ പമ്പിംഗിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം. പാടങ്ങൾ തരിശിടുന്ന പാടശേഖര സമിതികളുടെമേൽ നടപടി സ്വീകരിക്കണം. പാടശേ ഖര സമിതികളുടെ തെരഞ്ഞെടുപ്പിൽ സുതാര്യത ഉറപ്പുവരുത്തണം. നീരൊ ഴുക്ക് തടയുന്നവിധം റോഡുകളും പാലങ്ങളും അനുവദിക്കാൻ പാടില്ല. പാടശേഖരങ്ങൾ പരിവർത്തനം ചെയ്യുന്നതും കായലുകൾ കയ്യേറുന്നതും തടയുന്നതോടൊപ്പം അനധികൃതമായി നികത്തിയ പാടശേഖരങ്ങളും കായൽ പ്രദേശങ്ങളും തിരിച്ചുപിടിക്കുകയും വേണം. ആലപ്പുഴ ചങ്ങനാ ശ്ശേരി എ.സി. കനാൽ തുറന്നുകൊടുക്കാനും പാലങ്ങൾ നിർമ്മിക്കാനും നടപടി സ്വീകരിക്കണം. കൃഷിക്കാർക്കും കാർഷിക വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തണം. അനധികൃത കക്കവാരൽ നിയന്ത്രിക്കണം. കുട്ടനാട് പാക്കേജിന് അനുവദിക്കപ്പെട്ട തുക അതിനായി ചെലവഴിക്കുമെന്ന് ഉറപ്പുവരുത്തണം. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തണം. ആലപ്പുഴ മെയിൻ കനാലുകളും സബ്കനാലുകളുമെല്ലാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തണം. പദ്ധതി അഴിമതിമുക്തമായും കാര്യക്ഷമമായും നടപ്പാക്കു ന്നതിന് ഫിനാൻഷ്യൽ വിജിലൻസ് സെൽ രൂപീകരിക്കണം. കർശനമായ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതോടൊപ്പം ഈ പാക്കേജിന്റെ

ശാസ്ത്രീയമായ മേൽനോട്ടത്തിന് ഡോ. എം.എസ്. സ്വാമിനാഥന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന് 50 ലക്ഷത്തിൽ താഴെയുള്ള പദ്ധതികളുടെ ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്നും അതിനുമുകളിലുള്ള പദ്ധതികൾക്ക് വിശദമായ പദ്ധതി രേഖ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കണമെന്നുമുള്ള നിബന്ധനയോടുകൂടിയാണ് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചത്. വിവിധ വകുപ്പുകളിൽ നിലവിലുള്ള കേന്ദ്ര-സംസ്ഥാന സ്കീമുകൾ ഉൾപ്പെടുത്തി പദ്ധതി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്ത 47 പ്രവൃത്തികൾക്ക് സർക്കാർ വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. തണ്ണീർമുക്കം ബണ്ടിന്റേയും തോട്ടപ്പള്ളി സ്പിൽവേയുടേയും നവീകരണത്തിനായുള്ള ഐ.ഐ.ടി. ചെന്നൈയുടേയും സി.ഡബ്ല്യു.ആർ.ഡി.എം. കോഴിക്കോടിന്റേയും അന്തിമ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രേഖകൾ ഹാജരാക്കുന്നതാണ്. എ.സി. കനാലിന്റെ നവീകരണ സാധ്യതയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം അത് പൂർത്തീകരിക്കുന്നതാണ്. കുട്ടനാട് പാക്കേജിൽ നാളിതുവരെ 3406 കോടി രൂപയുടെ വിവിധ പ്രവൃത്തികൾക്ക് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1292 കോടി രൂപയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. തിരുവനന്തപുരുത്തുവച്ച് കൂടുന്ന പ്രോസ്പിരിറ്റി കൗൺസിലിന്റെ

നിർദ്ദേശങ്ങളും വിമർശനങ്ങളും വിലയിരുത്തി ഒരു രൂപരേഖ ഉണ്ടാക്കിയ ശേഷം ഡോ.എം.എസ്. സ്വാമിനാഥനുമായി ചർച്ച നടത്തുന്നതാണ്. കുറ്റമറ്റ രീതിയിൽ കുട്ടനാട് പാക്കേജ് നടപ്പാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. തൃശ്ശൂർ - പൊന്നാനി ഭാഗങ്ങളിലെ കോൾകൃഷിക്കു വേണ്ടിയുള്ള മറ്റൊരു പാക്കേജ് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുകയാണ്. കുട്ടനാട് പാക്കേജിന്റെ ശാസ്ത്രീയമായ മേൽനോട്ടത്തിന് ഡോ. സ്വാമിനാഥന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ വയ്ക്കുന്നതിനെക്കുറിച്ചും 3,500 കോടി രൂപ ചെലവഴിക്കുന്ന ഈ പാക്കേജിന് ഒരു ഫിനാൻഷ്യൽ വിംഗ് രൂപീകരിക്കുന്ന കാര്യവും ആലപ്പുഴ-ചങ്ങനാശ്ശേരി-കോട്ടയം-വൈക്കം എന്നീ സമീപ നഗരങ്ങളിലെ കനാലുകളുടെ നവീകരണവും ഈ പദ്ധതിയിൽപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പ്രോസ്പിരിറ്റി കൗൺസിലിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

### (2) <u>മാലിന്യത്തിന് സെസ്സ് ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :</u> മാലിന്യ നിർമ്മാർജ്ജനം ഒരു മഹായത്നമായി ഏറ്റെടുത്ത് ക്ലീൻ കേരളം സൃഷ്ടിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നം പരിഹരിക്കുന്നതിന് ബോധവത്ക്കരണത്തിനുപുറമെ വിഭവ സമാഹരണവും നടത്തേണ്ടതിനാൽ മാലിന്യത്തിന് സെസ്സ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മാലിന്യത്തിന്റെ റീ-യൂസ്, റീ-സൈക്കിൾ തുടങ്ങിയ കാര്യങ്ങളിൽ വിദേശ രാജ്യങ്ങളെ മാതൃകയാക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസും മാസവരിയും പിരിച്ചെടുത്ത് പ്രവർത്തിക്കുന്ന ഇമേജ് എന്ന സംഘടന സ്വകാര്യ ആശുപത്രികളിലെ മാലിന്യങ്ങൾ കളക്ട് ചെയ്ത് വളരെ നല്ല രീതിയിൽ സംസ്ക്കരിക്കുന്നുണ്ട്. ഈ മാതൃക പിൻതുടർന്ന് ഷോപ്പിംഗ് മാളു

കളിൽ ഉൾപ്പെടെ മാലിന്യത്തിന് സെസ്സ് ഏർപ്പെടുത്തണം. മാലിന്യ നിർമ്മാർജ്ജനത്തിനായി പാവങ്ങൾക്ക് സബ്സിഡി കൊടുത്ത് പണക്കാരിൽനിന്ന് ടാക്സ് പിരിച്ച് ഈ രംഗത്ത് ആധുനിക പരിപാടികൾ ആസൂത്രണം ചെയ്യുകയും നല്ല സ്വീവേജ് ലൈനുകളും പ്ലാസ്റ്റിക് സംസ്കരണ പ്ലാന്റുകളും സ്ഥാപിക്കുകയും ജൈവ മാലിന്യങ്ങൾ വളമാക്കുന്ന പദ്ധതികൾ നടപ്പാക്കുകയും വേണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി) : വീടുകളിൽനിന്നുംമറ്റും പുറംതള്ളുന്ന മാലിന്യങ്ങൾ എവിടെയും വലിച്ചെറിയുന്ന പ്രവണതയ്ക്ക് നിയന്ത്രണമേർപ്പെടുത്തണമെന്ന കാര്യത്തിൽ തർക്കമില്ല. ആളോഹരി മാലിന്യ ഉത്പാദനം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ നിയമപരമായി ഈ പ്രശ്നത്തിൽ ഇടപെടേണ്ടത് അനിവാര്യമാണ്. അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കർക്കശമായ വ്യവസ്ഥകളോടെ വൈകാതെ നിയമനിർമ്മാണം നടത്തുന്നതോടൊപ്പം മറ്റ് രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ മാലിന്യത്തിന് സെസ്സ് ഏർപ്പെടുത്തുന്നകാര്യവും പരിശോധിക്കുന്നതാണ്. അർബൻ പ്ലാനിംഗിനെക്കുറിച്ചുള്ള അഭാവവും നിലവിലുള്ള സ്കീമുകൾ ഇംപ്ലിമെന്റ് ചെയ്യുന്നതിൽ വരുന്ന തടസ്സങ്ങൾ നീക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. വികേന്ദ്രീകൃത സ്വീവേജ് സിസ്റ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ സ്വീകരിക്കാൻ തയ്യാറാണ്.

**സബ്മിഷൻ**

**(1) മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമപദ്ധതി**

ശ്രീ. എ.എം. ആരിഫ് : മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമപദ്ധതിയിൽ പള്ളിത്തോടിനെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 13-ാം ധനകാര്യ കമ്മീഷൻ അവാർഡായി ഫിഷറീസ് വകുപ്പിന് അനുവദിച്ച 200 കോടി രൂപയിൽ 40 കോടി രൂപ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ബാക്കി തുക 11 മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങ ളാക്കി മാറ്റുന്നതിനുമുള്ള പദ്ധതികൾക്കായി സംസ്ഥാനതല ഉന്നതാധികാര സമിതി അനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ തെരഞ്ഞെടുത്ത പട്ടികയിൽ പള്ളിത്തോടിനെ ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത മുൻഗണനാ പട്ടികയിൽ ഉൾക്കൊള്ളിക്കുന്നതാണ്.

**(2) ടെക്സ്റ്റൈൽ മിൽ**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : കാസർഗോഡ് ജില്ലയുടെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി പണി പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞ ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : ഉദുമ ടെക്സ്റ്റൈൽ മില്ലിലെ നിയമന പ്രതി സന്ധിയെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് അനുകൂല തീരുമാന മെടുത്ത് ഉടൻതന്നെ പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

(3) <u>കെ.എസ്.ഇ.ബി. പ്രൊഡക്ഷൻ യൂണിറ്റ്</u>

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u> : കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ ഗ്രാമ പഞ്ചായത്തിൽ എടക്കര പ്രദേശത്ത് കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് ഒരു പ്രൊഡക്ഷൻ യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : എടക്കരയിൽ കെ.എസ്.ഇ.ബി.യുടെ കൈവശമുള്ള 3.61 ഹെക്ടർ സ്ഥലം കുന്നിൻ പ്രദേശമായതിനാൽ വാഹനങ്ങൾ കൊണ്ടുപോകാൻ പ്രയാസം നേരിടുന്നുണ്ട്. മലബാർ പ്രദേശത്ത് വൈദ്യുതി പോസ്റ്റുകൾക്ക് ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ വകുപ്പുമന്ത്രിയും കെ.എസ്.ഇ.ബി. ചെയർമാനും എം.എൽ.എ.യുംകൂടി സ്ഥലം പരിശോധിച്ച് സാധ്യമാണെങ്കിൽ പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങുന്ന കാര്യം ആലോചിക്കുന്നതാണ്. ട്രാൻസ്മിഷൻ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റും പരിശീലന കേന്ദ്രം തുടങ്ങുന്ന കാര്യവും പരിഗണനയിലുണ്ട്.

(4) <u>ഡോ. കെ. ജെ. യേശുദാസിനെ ആദരിക്കൽ</u>

<u>ശ്രീ. ഹൈബി ഈഡൻ</u> : ഗാനാലാപന രംഗത്ത് അമ്പത് വർഷം പൂർത്തിയാക്കുന്ന ഗാനഗന്ധർവ്വൻ ഡോ. കെ. ജെ. യേശുദാസിനെ സമുചിതമായി ആദരിക്കാനും ആസ്ഥാനഗായക പദവി നൽകാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്</u>) : മലയാളികളുടേയും കേരളത്തിന്റേയും അഭിമാനഭാജനമായ ഗാനഗന്ധർവ്വൻ ഡോ. കെ. ജെ. യേശുദാസ് പ്രഗത്ഭനായ പിന്നണി ഗായകനെന്നതിനുപുറമെ സാമൂഹിക-സാംസ്ക്കാരിക

രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തിയുമാണ്. ബധിര-മൂക രായ കുഞ്ഞുങ്ങൾക്ക് കോക്ലിയർ ഇംപ്ലാന്റ് പദ്ധതി നടപ്പിലാക്കുന്നതിന് ശക്ത മായ പ്രേരണ നൽകിയ അദ്ദേഹം മതസൗഹാർദ്ദത്തിന്റെ പ്രതീകം കൂടി യാണ്. മലയാള സിനിമാഗാന രംഗത്ത് അദ്ദേഹം നൽകിയ സമഗ്ര സംഭാ വന കണക്കിലെടുത്ത് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(5) മലപ്പുറം ജില്ലയിലെ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുള്ള അരി

ശ്രീ. ടി. എ. അഹ്മദ് കബീർ : മലപ്പുറം ജില്ലയിലെ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുള്ള അരി ലഭിക്കുന്നതിന് വരുന്ന കാലതാ മസം ഒഴിവാക്കുന്നതിന് ജില്ലയിലെ എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് വിതരണം നടത്താൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രിക്കുവേണ്ടി വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം, കുറ്റി പ്പുറം എഫ്.സി.ഐ. ഗോഡൗണുകളുടെ സംഭരണശേഷി കുറവായതിനാൽ പാലക്കാട് ജില്ലയിലെ ഒലവക്കോട്, കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ ഗോഡൗണുകളിൽനിന്നാണ് റേഷൻ വിതരണത്തിനും ഉച്ചഭക്ഷണത്തിനു മുള്ള അരി എടുത്തുകൊണ്ടിരിക്കുന്നത്. റെയിൽവേ 40 വാഗണുകൾ ഒരുമിച്ച് ബുക്ക് ചെയ്താൽ മാത്രമേ സാധനങ്ങൾ എത്തിച്ചുകൊടുക്കുകയു ള്ളൂ എന്നതിനാൽ ഗോഡൗണുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കേണ്ടതു ണ്ട്. ഭക്ഷ്യവകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ എഫ്.സി.ഐ.യി ലേയും റെയിൽവേയിലും ഉദ്യോഗസ്ഥരോട് ഈ പ്രശ്നം പരിഹരിക്കണ

മെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ തലത്തിൽ അതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്.

### (6) ജില്ലാ ഫോറസ്റ്റ് ഓഫീസ്

ശ്രീ. പി. ബി. അബ്ദുൾ റസാക് : വനാതിർത്തിയായ കാസർഗോഡ് ഒരു ജില്ലാ ഫോറസ്റ്റ് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): കാസർഗോഡ് ജില്ലയിലെ വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതും അനുബന്ധ ഭരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതും കണ്ണൂർ ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള കാഞ്ഞങ്ങാട്-കാസർഗോഡ് റേഞ്ച് ഓഫീസുകളാണ്. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി കാസർഗോഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഡിവിഷണൽ ഓഫീസിനെ സാമ്പത്തിക ബാധ്യത കൂടാതെ പുതിയ ചുമതലകൾ ഏൽപ്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച് അടിയന്തര തീരുമാനമെടുക്കുന്നതാണ്. ഇതിന്റെ പ്രവർത്തനങ്ങൾ രണ്ടുമൂന്ന് മാസങ്ങൾക്കുള്ളിൽ തീർക്കാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വനസംരക്ഷണം, വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരം, തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് എൻ.ഒ.സി. നൽകൽ എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം നിയമരഹിത മൃഗവേട്ട തടയുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്.

### (7)ഹയർ സെക്കന്ററി സ്ക്കൂളിന് കെട്ടിട നിർമ്മാണ ഫണ്ട്

ശ്രീ. സി.കെ. നാണു: വടകര മുനിസിപ്പാലിറ്റിയിലെ സർക്കാർ ഹയർ സെക്കന്ററി സ്ക്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ ഫണ്ട്

അനുവദിക്കുന്നതോടൊപ്പം വടകരയിലെ മടപ്പള്ളി ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദു റബ്ബ്): വടകരയിലെ മടപ്പള്ളി ഗവൺമെന്റ് കോളേജിൽ എം.എസ്‌സി.(ബോട്ടണി), ബി.എ. (മലയാളം), എം.എ. (ഇംഗ്ലീഷ്) കോഴ്സുകൾ തുടങ്ങുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ പുതിയ കോഴ്സുകളും കോളേജുകളും അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. എല്ലാ സർക്കാർ സ്ക്കൂളുകളുടെ നടത്തിപ്പും മേൽനോട്ടവും പശ്ചാത്തലസൗകര്യമൊരുക്കലും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തതിനാലും കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ പ്രത്യേക തുക അനുവദിക്കാത്ത സാഹചര്യത്തിലും ഹയർ സെക്കന്ററി സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിക്കുന്ന തുക പരിമിതമായതിനാലും സ്ക്കൂൾ കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

**(8)പാഠ്യപദ്ധതിയിലുൾപ്പെടുത്തേണ്ട ശാസ്ത്രവിഭാഗങ്ങൾ**

ശ്രീ. വി.ടി. ബൽറാം: ബയോടെക്നോളജി, ബയോകെമിസ്ട്രി, ഫിസിയോളജി എന്നീ ശാസ്ത്ര വിഷയങ്ങളിൽ പ്രത്യേക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും ഈ വിഷയങ്ങളെ ഹൈസ്ക്കൂൾ ഹയർ സെക്കന്ററി തലങ്ങളിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനും നടപടിയുണ്ടാകണം. ഇതിനായി പ്രത്യേക സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് നടത്തുകയോ മാസ്റ്റർ ബിരുദമുള്ളവരെ സെറ്റ്-ൽ നിന്ന് ഒഴിവാക്കുകയോ ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദു റബ്ബ്): ബോട്ടണി, സുവോളജി വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ ബിരുദ-ബിരുദാനന്തര

ക്ലാസ്സുകളിൽ ബയോകെമിസ്ട്രി, ബയോടെക്നോളജി, ബയോഫിസിയോളജി വിഷയങ്ങൾ ഹയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിപ്പിക്കാൻ യോഗ്യരാണ്. അദ്ധ്യാപക ശാക്തീകരണ പരിപാടികളിൽ സിലബസ്സിലുള്ള എല്ലാ ഭാഗങ്ങളിലും അവയുടെ ശാഖകളിലും പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ഈ വിഷയങ്ങൾ ഓപ്ഷണലാക്കി പ്രത്യേക വിഷയ കോമ്പിനേഷനുകൾ ഹയർ സെക്കന്ററി തലത്തിലോ ഹൈസ്ക്കൂൾ തലത്തിലോ നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ലാത്തതിനാൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല.

### (9) നെടുമങ്ങാട് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പാലോട് രവി: വർഷത്തിൽ നാല് ലക്ഷത്തിലേറെ രോഗികൾ ആശ്രയിക്കുന്ന നെടുമങ്ങാട് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) ഒൻപത് വാർഡുകളിലായി 225 കിടക്കകളുള്ള നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലെ ഒരുവർഷത്തെ ശരാശരി ഒ.പി. 399063-ഉം ഐ.പി. 9910-ഉം ആണ്. എക്സ്റേ, അൾട്രാ സൗണ്ട് സ്കാനിംഗ്, ലാബോറട്ടറി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ഇ.സി.ജി. തുടങ്ങിയ ചികിൽസാ സൗകര്യങ്ങളും ക്യാന്റീൻ, ആംബുലൻസ് സർവ്വീസ്, ന്യായവില മെഡിക്കൽ സ്റ്റോർ എന്നിവയും ആശുപത്രിയിൽ നിലവിലുണ്ട്. ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനവും പി.പി.എസ്. തീയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഒ.പി.യിൽ ടോക്കൺ സിസ്റ്റം, ടെലിവിഷൻ, ഫിൽറ്റർ ചെയ്ത

കുടിവെള്ളം ഇവ ലഭ്യമാക്കിയിട്ടുണ്ട്. താലൂക്ക് ആശുപത്രി എന്ന നിലയിൽ ഇന്നുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. ജില്ലാ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതാണ്.

**(10) തിരുവനന്തപുരം ആർ.സി.സി. യെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാൻ നടപടി**

ശ്രീ. വി. എസ്. സുനിൽ കുമാർ: പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിൽസ ലഭിക്കുന്ന തിരുവനന്തപുരം ആർ.സി.സി.യെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനും എല്ലാ ജില്ലകളിലും ആർ.സി.സി. യുടെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : ദേശീയതലത്തിൽ അംഗീകാരം നേടിക്കഴിഞ്ഞ തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിനെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തണമെന്ന ആവശ്യം കേന്ദ്രസർക്കാരിൽ അവതരിപ്പിച്ചിട്ടുണ്ട്. മികവിന്റെ കേന്ദ്രമായി ഈ സ്ഥാപനത്തെ പ്രഖ്യാപിക്കുന്നതോടെ അടുത്ത ഘട്ട വികസനത്തിനാവശ്യമായ പശ്ചാത്തല-സാങ്കേതിക-സാന്ത്വനചികിൽസാ സൗകര്യങ്ങളും ലഭ്യമാകുന്നതാണ്. കഴിഞ്ഞ സാമ്പത്തികവർഷം 11 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാനും പ്രതിദിനം 250-ലധികം നിർദ്ധന രോഗികൾക്ക് 'അക്ഷയപാത്രം' പദ്ധതി നടപ്പിലാക്കാനും കഴിഞ്ഞു. ആർ.സി. സി.യുടെ ഉയർന്ന ചികിത്സാ ഗുണനിലവാരം നിലനിറുത്തുന്നതിനും രോഗികൾക്ക് സുഗമമായി ചികിത്സാസേവനം ലഭ്യമാക്കുന്നതിനും ജില്ലാ ക്യാൻസർ നിയന്ത്രണ കേന്ദ്രങ്ങൾ എന്ന പ്രോജക്ട് പ്രായോഗികമാക്കുന്നതോടെ അർബുദ ബോധനം, അർബുദ നിർണ്ണയം തുടർ പരിശോധന,

ചികിത്സാ സങ്കീർണ്ണതകൾക്കുള്ള പരിഹാരം എന്നിവ സംസ്ഥാനമൊട്ടാകെ ലഭ്യമാക്കാൻ കഴിയുന്നതാണ്.

### (11) വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കൽ

ശ്രീമതി ഗീതാ ഗോപി: സംസ്ഥാനത്തെ ഡെസ്റ്റിനേഷൻ മാനേജുമെന്റ് കൗൺസിലുകളെ വിനോദ നികുതിയിൽനിന്ന് ഒഴിവാക്കുന്നതിന് അടിയന്തര ഉത്തരവ് പുറപ്പെടുവിക്കണം.

പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): ഡെസ്റ്റിനേഷൻ മാനേജുമെന്റ് കൗൺസിലുകളെ വിനോദനികുതിയിൽനിന്ന് ഒഴിവാക്കുന്ന കാര്യം തദ്ദേശ ഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് പരിഹാരമുണ്ടാക്കുന്നതാണ്.

### (12) രാത്രികാല ഗതാഗത നിരോധനം പിൻവലിക്കൽ

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: എൻ.എച്ച്. 212-ലെ ബന്ദിപ്പൂർ വനമേഖലയിലുള്ള രാത്രികാല ഗതാഗത നിരോധന ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ദേശീയപാത 67, 212 എന്നിവ കടന്നുപോകുന്ന ബന്ദിപ്പൂർ നാഷണൽ പാർക്കിലും കടുവ സങ്കേതത്തിലുമുള്ള വന്യമൃഗങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സം സൃഷ്ടിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ച് ഗതാഗത നിരോധനം ഏർപ്പെടുത്തിയത് 10-06-2009-ന്പിൻവലിച്ചുവെങ്കിലും കർണ്ണാടക ഹൈക്കോടതി അത് സ്റ്റേ ചെയ്തു. രാത്രികാല നിരോധനം പ്രാബല്യത്തിലായതോടുകൂടി പകൽ സമയത്ത് ഗതാഗതക്കുരുക്ക് രൂക്ഷമായതിനെത്തുടർന്ന് നിരോധനം നീക്കുന്നതിന് കേരള സർക്കാരും കെ.എസ്.ആർ.ടി.സി.യും കർണ്ണാടക ഹൈക്കോടതിയിൽ കക്ഷി ചേർന്നുവെങ്കിലും ബന്ദിപ്പൂർ വഴി

യുള്ള ഗതാഗതം രാത്രി 9 മണി മുതൽ രാവിലെ 6 മണിവരെ നിരോധിക്കുകയാണുണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യാത്രാനിരോധനം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബദൽ റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്ത് തുടർനടപടികൾ നടന്നുവരികയാണ്. രാത്രികാല നിരോധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**<u>മേശപ്പുറത്തുവച്ച കടലാസുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**<u>റിപ്പോർട്ട് സമർപ്പണം</u>**

കാര്യോപദേശ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**<u>റിപ്പോർട്ട് പരിഗണന</u>**

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**<u>നിയമനിർമ്മാണ കാര്യം</u>**

**<u>2011-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): 2011-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 355 മുതൽ 363 വരെയും 370 മുതൽ 374 വരെയുമുള്ള ഖണ്ഡികകളിലെ ധനകാര്യ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സംസ്ഥാനത്ത് 2011-ൽ എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ 17-05-2011-ൽ 12-ാം കേരള നിയമസഭ പിരിച്ചുവിട്ടതുമൂലം ഭരണഘടനയുടെ അനുച്ഛേദം 196(5) അനുസരിച്ച് ലാപ്സായി. ലാപ്സായ പ്രൊവിഷൻ അനുസരിച്ച് നികുതി പിരിച്ചിട്ടുള്ളത് സാധൂകരിക്കുന്നതിനും മുൻകാല പ്രാബല്യം നൽകുന്നതിനുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനുമായി സബ്ജക്ട് കമ്മിറ്റി കൂടുന്നതാണ്. ധനകാര്യ ബില്ലിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട എട്ട് നിയമങ്ങളിൽ ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നത്. സബ്ജക്ട് കമ്മിറ്റി പരിഗണനയ്ക്കുശേഷം നിയമസഭയിൽ ചർച്ച ചെയ്ത് ഇത് പാസ്സാക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: 2011-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യാഥാർത്ഥ്യ ബോധത്തോടുകൂടിയ സമീപനമല്ല യു.ഡി.എഫ്. സർക്കാർ ബഡ്ജറ്റിലൂടെ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾക്കും

വികസന പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികളും പരിപാടികളുമാണ് വേണ്ടത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റ് ഉല്പാദനമേഖലയെ കേന്ദ്രീകരിച്ചു കൊണ്ട് വികസന പ്രക്രിയയ്ക്ക് ഊന്നൽ നൽകുകയും പരമ്പരാഗത വ്യവസായങ്ങളെ ലാഭകരമാക്കുകയും ക്ഷേമപദ്ധതികളിലൂടെയും പെൻഷൻ ആനുകൂല്യങ്ങളിലൂടെയും ജനങ്ങൾക്ക് ആശ്വാസം പകരുകയും അടിസ്ഥാന വികസന രംഗങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്തു. ഈ ഗവണ്മെന്റ് അത്തരത്തിലുള്ള യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. യു.ഡി.എഫ്. ഗവണ്മെന്റ് സർവ്വകലാശാലകളോടും അവയുടെ സ്വയംഭരണവകാശങ്ങളോടും സ്വീകരിക്കുന്ന സമീപനത്തിൽ മാറ്റം വരുത്തണം.

ശ്രീ. ആർ. സെൽവരാജ്: 2011-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. മൂല്യവർദ്ധിത നികുതിനിയമം ഉൾപ്പെടെ എട്ട് പ്രധാനപ്പെട്ട നിയമങ്ങളിലൂടെയുള്ള ഭേദഗതികളാണ് ഈ ബില്ലിലൂടെ അവതരിപ്പിക്കപ്പെടുന്നത്. ഈ ബഡ്ജറ്റിൽ പരിമിതമായ ചില നികുതി നിർദ്ദേശങ്ങളാണ് അധികവിഭവ സമാഹരണത്തിനുവേണ്ടി നൽകിയിരിക്കുന്നത്. മദ്യത്തിനും പുകയില ഉൽപന്നങ്ങൾക്കും ചുമത്തിയ നികുതിയിലാണ് കൂടുതൽ തുക പ്രതീക്ഷിക്കുന്നത്. സാധാരണക്കാരുടെ ദൈനംദിനജീവിതത്തിന് ബുദ്ധിമുട്ടുകൾ വരുത്തുന്ന നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. നികുതി സമ്പ്രദായത്തിലെ അനോമലികൾ തിരുത്താനും നികുതി ഇളവുകൾ പ്രഖ്യാപിക്കാനും ബില്ലിലൂടെയും ബഡ്ജറ്റിലൂടെയും ശ്രമിക്കുന്നത് നല്ല കാര്യമാണ്. ടാക്സ് അഡ്മിനിസ്ട്രേഷനിൽ മാറ്റ

ങ്ങൾ അനിവാര്യമാണ്. വൻവികസനപ്രവർത്തനങ്ങൾക്കും ഡ്രീം പ്രോജക്ടുകൾക്കും പണം നൽകാൻ കഴിയാത്തവിധം സാമ്പത്തികമായ പ്രയാസങ്ങളിലേക്കാണ് ഗവണ്മെന്റ് ഓരോ വർഷവും നീങ്ങുന്നത്. അധിക വിഭവസമാഹരണം നടത്തി നികുതി വരുമാനം വർദ്ധിപ്പിക്കാനോ അടിസ്ഥാനപരമായി നികുതി സമ്പ്രദായത്തിൽ മാറ്റം വരുത്താനോ ഇതുവരെ കഴിഞ്ഞിട്ടില്ല. ഗവേഷണങ്ങളും പഠനങ്ങളും നടത്തി നികുതി സമ്പ്രദായം പരിഷ്ക്കരിക്കണം. 2003-ൽ വാറ്റ് നിയമം നടപ്പിലാക്കിയപ്പോൾ അത് സംസ്ഥാനത്തിന് ദോഷകരമെന്ന് വാദിച്ചവരുടെ നിലപാട് തെറ്റാണെന്ന് തെളിയിച്ചുകൊണ്ട് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായി. ചരക്ക് സേവന നികുതി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നതിലൂടെ ഏറ്റവും കൂടുതൽ ഗുണം കിട്ടുന്നത് കേരളത്തിനാണ്. ടാക്സ് സമ്പ്രദായം മാറിയിട്ടും ടാക്സേഷൻ നെറ്റ്വർക്ക് വിപുലപ്പെടുത്താനോ രജിസ്റ്റേർഡ് വ്യാപാരികളുടെ എണ്ണം വർദ്ധിപ്പിക്കാനോ കഴിഞ്ഞ കുറെക്കാലമായി സാധിച്ചിട്ടില്ല. എല്ലാ വിഭാഗത്തിൽപ്പെട്ടവരെയും ടാക്സിന്റെ നെറ്റ്വർക്കിൽ കൊണ്ടുവന്ന് കൂടുതൽ നികുതി വരുമാനം ഉണ്ടാക്കണം. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചെക്ക് പോസ്റ്റുകളിലേക്ക് ഉല്പന്നങ്ങൾ എത്തുന്നതിന് മുമ്പ് ഡീറ്റെയിൽസ് ലഭ്യമാക്കി ചെക്ക് പോസ്റ്റുകളെ സമഗ്രമാറ്റത്തിന് വിധേയമാക്കണം. ഇവിടെ ഓൺലൈൻ സംവിധാനത്തിലൂടെ ഡേറ്റാശേഖരണം ഉറപ്പാക്കിയാൽ പത്തുശതമാനം നികുതി വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. ചെക്ക് പോസ്റ്റുകളിലൂടെ നികുതിച്ചോർച്ചയില്ലെന്ന് ഉറപ്പ് വരുത്തണം. സ്വർണ്ണത്തിന്റെ കാര്യത്തിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള നികുതിവരുമാനം ഏർപ്പെടുത്തണം.

<u>ശ്രീമതി ഇ.എസ്.ബിജിമോൾ</u> : ധനകാര്യബില്ലിനെ എതിർക്കുന്നു. ധവളപത്രത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സംവാദത്തിന് ധനകാര്യ

വകുപ്പുമന്ത്രിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ തയ്യാറാകണം. രൂപയുടെ മൂല്യം ഇടിയുകയും വിലക്കയറ്റം ഉണ്ടാകുകയും ചെയ്യുമ്പോൾ റിപ്പോ റിവേഴ്സ് നിരക്കുകൾ വർദ്ധിപ്പിച്ച് ആളുകളുടെ വാങ്ങൽ ശേഷി കുറയ്ക്കുക എന്ന തന്ത്രമാണ് സാമ്പത്തിക വിദഗ്ദ്ധർ സ്വീകരിക്കുന്നത്. എന്നാൽ ഉല്പാദനം വർദ്ധിപ്പിക്കുകയും കമ്പോളത്തിൽ ഉല്പന്നങ്ങളുടെ ലഭ്യത കൂട്ടുകയുമാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് ചെയ്യേണ്ടത്. ആഗോള-ഉദാര-സ്വകാര്യവത്കരണത്തിന്റെ പേരിൽ വൻകിട ശക്തികൾക്ക് രാജ്യത്തിന്റെ കമ്പോളം തുറന്നുകൊടുത്താൽ അവർ രാജ്യത്തെ ജനങ്ങളുടെ ക്ഷേമം നിർണ്ണയിക്കുന്ന ഘടകമായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല. കരിഞ്ചന്തയും പൂഴ്ത്തിവയ്പും അവശ്യ സാധനങ്ങൾക്ക് കൃത്രിമ വിലക്കയറ്റമുണ്ടാക്കുന്നു. അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഗവൺമെന്റിന് കഴിയണം. ജീവൻരക്ഷാമരുന്നുകളുടെ വില വർദ്ധന നിയന്ത്രിക്കണം. കേരളത്തിൽ എം.ആർ.പി.യെക്കാൾ കൂടുതൽ വില മരുന്നിന് നൽകേണ്ടി വരുന്ന സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. മരുന്നുവിപണന രംഗത്ത് നടമാടുന്ന അഴിമതിയും മാഫിയാ പ്രവർത്തനവും തടയാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എം. ഷാജി</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക രംഗം രക്ഷപ്പെടുത്തിയെടുക്കുന്നതിനുവേണ്ടി വളരെ അവധാനതയോടുകൂടി അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിൽ റവന്യൂ ഡെഫിസിറ്റ് 2015 ആകുമ്പോഴേക്കും സീറോ ആകും എന്ന് ധനകാര്യ വകുപ്പുമന്ത്രി അവകാശവാദം ഉന്നയിച്ചിരുന്നു. പക്ഷേ അതിനുശേഷമിറക്കിയ ധവള പത്രത്തിൽ 88000 കോടി രൂപയുടെ ബാധ്യതയുണ്ടെന്ന് പറയുന്ന പശ്ചാത്തല

ത്തിൽ 2015 ആകുമ്പോഴേക്കും സീറോ ഡെഫിസിറ്റ് ആകുമോ എന്ന് പരിശോധിക്കണം. സ്വർണ്ണ വ്യാപാരവുമായി ബന്ധപ്പെട്ട് നടക്കുന്ന നികുതിതട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കണം. അഴിമതി രഹിത ചെക് പോസ്റ്റുകൾ എന്ന കൺസെപ്ട് തുടരണം. ടൂറിസം രംഗത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. പെർമിറ്റില്ലാതെ മണൽ കടത്തിക്കൊണ്ടുപോകുന്നത് തടയണം. രാജ്യത്തിന്റെ ഭരണ വ്യവസ്ഥിതിയെത്തന്നെ വെല്ലുവിളിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ.വി അബ്ദുൾ ഖാദർ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ നൂറുദിന കർമ്മ പരിപാടി അവകാശ വാദങ്ങൾ മാത്രമായി മാറിയിരിക്കുകയാണ്. വിവിധ വകുപ്പുകളിൽ അഴിമതിയും കെടുകാര്യസ്ഥതയും കൊടികുത്തി വാഴുകയാണ്. കഴിഞ്ഞ ഗവൺമെന്റ് അഴിമതിരഹിത ചെക്ക്പോസ്റ്റായി വാളയാർ ചെക്ക് പോസ്റ്റിനെ പ്രഖ്യാപിക്കുകയും അഴിമതി പുറത്ത് കൊണ്ടുവരുന്ന മാധ്യമപ്രവർത്തകർക്ക് റിവാർഡ് പ്രഖ്യാപിക്കുകയും ചെയ്തത് പ്രശംസനീയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൽസ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമുൾപ്പെടെ സമൂഹത്തിലെ ഏറ്റവും ദരിദ്ര ജനവിഭാഗങ്ങൾക്ക് അവകാശപ്പെട്ട ബി.പി.എൽ. കാർഡ് നിഷേധിച്ചതുവഴി ഇവർക്ക് വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, റേഷൻ ഇവയൊക്കെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന നയങ്ങളുടെ ഫലമായുണ്ടായ വിലവർദ്ധനവ് തടയുന്നതിന് ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല; കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നടപടികളെ

പിന്താങ്ങുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് പെട്രോളിയം ഉൽപന്നങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള അധികാരം എണ്ണക്കമ്പനികൾക്ക് നൽകിയത് അപഹാസ്യമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ട ബോർഡുകളും കോർപ്പറേഷനുകളും രൂപീകരിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കണം. അതിവേഗം ബഹുദൂരം എന്നത് കേവലം ഒരു മുദ്രാവാക്യം മാത്രമായി മാറിയിരിക്കുകയാണ്.

ശ്രീ. ടി.എൻ. പ്രതാപൻ : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ധനകാര്യ മാനേജ്മെന്റിൽ മാറ്റം വരുത്തുകയും നികുതി ഘടന പരിഷ്ക്കരിക്കുകയും ചെയ്താൽ കേരളത്തിന്റെ നികുതി വരുമാനം വർദ്ധിക്കുന്നതോടൊപ്പം വിവിധ ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക കണ്ടെത്താനും കഴിയും. നികുതി വെട്ടിപ്പ് തടയുന്നതിന് സംവിധാനം ഏർപ്പെടുത്തണം. അദ്ധ്വാനവർഗ്ഗത്തിന് സഹായകമാകത്തക്ക വിധത്തിൽ നികുതി ഘടനയിൽ മാറ്റം വരുത്തണം. കടം വാങ്ങി ചെലവഴിക്കുകയെന്ന ഇടതുമുന്നണി ഗവൺമെന്റിന്റെ നയംമൂലം റവന്യൂ കമ്മിയും ധനക്കമ്മിയും ക്രമാതീതമായി കൂടുകയും സംസ്ഥാനത്തിന്റെ പൊതുക്കടം വർദ്ധിക്കുകയും ചെയ്തു. സംസ്ഥാന ജീവനക്കാരുടേയും പെൻഷൻകാരുടേയും വർദ്ധിപ്പിച്ച ശമ്പളവും പെൻഷനും യഥാസമയം നൽകാതെ പുതുക്കിയ ശമ്പള നിരക്കിൽ 19 മാസത്തെ കുടിശ്ശികയും ശമ്പളവും പെൻഷനും നൽകേണ്ട ചുമതല പുതിയ സർക്കാരിനെ ഏൽപ്പിക്കുകയാണ് എൽ.ഡി.എഫ്. ചെയ്തത്. കോൺട്രാക്ടർമാർക്ക് നൽകാനുള്ള തുകയിലും റേഷൻ സബ്സിഡി, നെല്ല് സംഭരണം തുടങ്ങിയവയിലും മുൻസർക്കാർ കുടിശ്ശിക വരുത്തി. വളർച്ചയും

കരുതലും എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് പ്രാവർത്തികമാക്കേണ്ട പദ്ധതികളാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെ വീട് നിർമ്മാണത്തിനുള്ള ധനസഹായം രണ്ടുലക്ഷം രൂപയായി വർദ്ധിപ്പി ക്കുകയും മാതൃകാ മത്സ്യഗ്രാമങ്ങളായി പതിനൊന്ന് തീരദേശ ഗ്രാമങ്ങളെ പ്രഖ്യാപിച്ചുകൊണ്ട് അവയിൽ ഓരോ ഗ്രാമത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനായി പതിനാല് കോടിയിൽപ്പരം രൂപ ചെലവഴിക്കാനുമുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. ധനകാര്യ മാനേജ്മെന്റ് പരിഷ്ക്ക രിക്കുന്നതിന് നടപടി സ്വീകരിക്കണം. ജനജീവിതത്തെ ദോഷകരമായി ബാധിക്കുന്ന കൂടംകുളം ആണവ നിലയത്തിനെതിരെയുള്ള സമരത്തിന് സംസ്ഥാനത്തിന്റെ പിന്തുണ അറിയിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. പാവപ്പെട്ട ജനവിഭാഗത്തിന്റെ വിശ്വാസ്യത വീണ്ടെടുക്കാനും ലോട്ടറി വിൽപ്പനരംഗത്ത് റിക്കോർഡ് നേട്ടം കൈവരിക്കാനും ആരോഗ്യമേഖലയ്ക്കും സേവനമേഖലയ്ക്കും മുൻതൂക്കം നൽകാനും ഈ ഗവൺമെന്റിന് സാധിച്ചു. 10197 കോടി രൂപയുടെ അധിക ബാദ്ധ്യതയും അതിനായി 5133 കോടി രൂപ മാത്രം വകയിരുത്തുകയും ചെയ്ത ബഡ്ജറ്റാണ് കഴിഞ്ഞ സർക്കാർ അവതരിപ്പിച്ചത്. എന്നാൽ ബാക്കി 5064 കോടി രൂപ അധികമായി കണ്ടെത്താൻ ഈ സർക്കാരിന് സാധിച്ചു. സാധാരണക്കാരനെ ബാധിക്കാതെ മാതൃകാപരമായി നികുതി പരിഷ്ക്കരിച്ചും ജനകീയ പദ്ധതികൾ ആവിഷ്ക്കരിച്ചും മുന്നോട്ടുപോകുന്ന സർക്കാരിന്റെ നടപടികൾ വളരെ ശ്രദ്ധേയമാണ്. ധനകാര്യ മാനേജ്മെന്റിനെ കൃത്യമായ ദിശാബോധത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകാനും ജനപക്ഷത്തു നിന്നുള്ള വികസനങ്ങൾ സാധ്യമാക്കിയെടുക്കാനും നേതൃത്വം നൽകുന്ന

സർക്കാരാണിത്. ഒരു രൂപയ്ക്ക് അരി നൽകി പാവപ്പെട്ടവർക്ക് ആശ്വാസം നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചു.

<u>ശ്രീമതി കെ.എസ്. സലീഖ</u> : ധനകാര്യ ബില്ലിനെ എതിർക്കുന്നു. സാർവ്വത്രിക വിദ്യാഭ്യാസവും ആരോഗ്യ മേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളും സാമൂഹിക പദ്ധതികളും പൊതുവിതരണ സമ്പ്രദായവും കേരള ജനതയ്ക്ക് ഇന്ന് നിഷേധിക്കപ്പെടുകയാണ്. നൂറുദിന കർമ്മ പരിപാടി ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു തന്ത്രം മാത്രമാണ്. ഈ സർക്കാർ അധികാരം ദുർവിനിയോഗം ചെയ്യുകയും ജനദ്രോഹ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. ഇടമലക്കുടിയിലെ ആദിവാസികൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള ചുമട്ടുകൂലി നൽകാൻ സർക്കാർ തയ്യാറാകണം. സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മരുന്നുകളുടെ വിലയിലും രാസവളത്തിന്റെ വിലയിലും ക്രമാതീതമായ വർദ്ധനവുണ്ടായി. നികുതി വരുമാനത്തിൽ വൻതോതിലുള്ള കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ബി.പി.എൽ. മാനദണ്ഡം നിശ്ചയിക്കുന്നതിനുള്ള വരുമാനപരിധി കുറയ്ക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇടപെടാൻ തയ്യാറാകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ബദൽ നയങ്ങൾ നടപ്പിലാക്കാൻ തയ്യാറാകണം. പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടിയുണ്ടാകണം. കുടുംബശ്രീയുടെ പ്രവർത്തനത്തിനാവശ്യമായ തുകയും ഭവനശ്രീ പദ്ധതിയുടെ തിരിച്ചടവിനുള്ള തുകയും ബഡ്ജറ്റിൽ വകക്കൊള്ളിക്കണം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള പീഡന കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതികൾ

സ്ഥാപിക്കണം. ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കാൻ നടപടി സ്വീകരിക്കണം. കേരള വികസനം തകർത്തെറിഞ്ഞുകൊണ്ട് സമ്പന്നവർഗ്ഗ താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകാനുള്ള സർക്കാർ ശ്രമങ്ങളെ പരാജയപ്പെടുത്തണം.

ശ്രീ. സി. പി. മുഹമ്മദ് : ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. പാവങ്ങളെ സഹായിക്കുക എന്ന പ്രഥമ ലക്ഷ്യമാണ് സംസ്ഥാന ബഡ്ജറ്റിൽ കാണാൻ കഴിയുന്നത്. വരുമാനം വർദ്ധിപ്പിക്കുന്നതിന് അഞ്ച് മാസംകൊണ്ട് അത്ഭുതകരമായ നേട്ടങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിന്റെ പ്രകൃതിസൗന്ദര്യം പരമാവധി പ്രയോജനപ്പെടുത്തി ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കണം. കൃഷി അന്യം നിന്നുപോകുകയും ജനസംഖ്യ പെരുകുകയും നഗരവൽക്കരണം വർദ്ധിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്നത് പ്രായോഗികമല്ല. ടൂറിസം തുടങ്ങി കേരളത്തിന് അനുയോജ്യമായ മേഖല കണ്ടെത്തി അതിനനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി മുന്നോട്ടുപോകാൻ കഴിയണം. ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി കേരളത്തെ മാലിന്യക്കൂമ്പാരത്തിൽനിന്ന് രക്ഷപ്പെടുത്തണം. യുവാക്കൾക്ക് സംസ്ഥാനത്തിനുപുറത്ത് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന ഉന്നത നിലവാരമുള്ള സാങ്കേതികവും അല്ലാത്തതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയണം. കാറിന് ഏർപ്പെടുത്തിയിട്ടുള്ള ആഡംബര നികുതി വർദ്ധിപ്പിക്കണം. വാണിജ്യ നികുതി, മോട്ടോർ വാഹനം, എക്സൈസ്, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ചെക്ക്പോസ്റ്റുകളിൽ സംയുക്ത പരിശോധന നടത്തണം. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക്

വാഹനങ്ങളിൽ കന്നുകാലികളെ കൊണ്ടുവരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും നികുതി ചുമത്തുകയും ചെയ്യണം. കുടുംബസംബന്ധമായ ദാനാധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി കുറച്ച നടപടി അഭിനന്ദനാർഹമാണ്. കാക്കനാട് ഇൻഫോപാർക്കിൽ ഭക്ഷ്യവസ്തുക്കൾ നിർമ്മിച്ച് കയറ്റുമതി ചെയ്യുന്ന യൂണിറ്റുകൾക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കണം. വ്യവസായ രംഗത്ത് മുന്നോട്ടുവരാൻ തയ്യാറുള്ളവർക്ക് പ്രോത്സാഹനം കൊടുക്കണം. പാൻപരാഗ്, പുകയില എന്നിവയുടെ ഡ്യൂട്ടി വർദ്ധിപ്പിക്കണം. വിദേശ മദ്യ വിൽപ്പനയ്ക്ക് ആറ് ശതമാനം സാമൂഹ്യസുരക്ഷാ സെസ്സും ബിവറേജസ് കോർപ്പറേഷന് 10 ശതമാനം സർച്ചാർജും ഏർപ്പെടുത്തിയതിലൂടെ 192 കോടി രൂപയുടെ വരുമാനമുണ്ടാക്കിയ നടപടി പ്രശംസനീയമാണ്. പാൽ കറക്കുന്ന യന്ത്രം, ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയെ നികുതി വിമുക്തമാക്കിയത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ബഡ്ജറ്റിലെ പല വ്യവസ്ഥകളും സാധൂകരിക്കാനുള്ള തീരുമാനത്തെ കേരള ജനത തിരിച്ചറിയുകയും വിലയിരുത്തുകയും ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ അധിക നികുതി വേണ്ടെന്നു വച്ചത് അഭിനന്ദനാർഹമാണ്. അനാവശ്യ സമരങ്ങളും ബന്ദുകളും ഉപേക്ഷിച്ച് കേരളത്തിൽ പുതിയൊരു തൊഴിൽ സംസ്ക്കാരം ഉണ്ടാക്കണം. സംസ്ഥാനം വാങ്ങുന്ന കടം പ്രത്യുൽപ്പാദനപരമായ മേഖലകളിൽ ചെലവഴിക്കാൻ സാധിക്കണം. മികച്ച ധനകാര്യ മാനേജുമെന്റിനനുസരിച്ചുള്ള സിവിൽ സർവ്വീസും അഴിമതി വിമുക്തമായ രാഷ്ട്രീയ നേതൃത്വവും ഉണ്ടായാൽ മാത്രമേ രാജ്യത്തിന് പുരോഗതിയുണ്ടാവുകയുള്ളൂ. അഞ്ച് വർഷം കൊണ്ട് കേരളത്തെ അഭിമാനകരമായ പുരോഗതിയിലേക്ക് നയിക്കാൻ ഈ ഗവൺമെന്റിന് സാധിക്കും.

ശ്രീ. എം. ഉമ്മർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കർഷകർക്ക് ആദ്യമായി പെൻഷൻ കൊടുക്കാൻ മുന്നോട്ടുവന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. അധികാരത്തിലെത്തി നാല് മാസത്തിനകം ഗവൺമെന്റ് മേഖലകളിൽ നാല് മെഡിക്കൽ കോളേജുകൾ അനുവദിച്ചത് അഭിനന്ദനാർഹമാണ്. ടാക്സ് അടയ്ക്കുന്നതിന് ഏർപ്പെടുത്തിയ ഇ-പേമെന്റ് സംവിധാനവും ഇന്റഗ്രേറ്റഡ് റവന്യൂ റസീപ്റ്റ് മാനേജ്മെന്റ് സിസ്റ്റവും ടാക്സേഷൻ മോണിറ്ററിംഗ് സെല്ലും നൂതനമായ കാഴ്ചപ്പാടാണ്. ഇഷ്ടദാനത്തിന് സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയായി നിജപ്പെടുത്തിയത് സാധാരണക്കാരോടുള്ള പ്രതിബദ്ധതയുടെ തെളിവാണ്. മതസ്ഥാപനങ്ങൾ നടത്തുന്ന ഓഡിറ്റോറിയങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കിയതും പാൻ മസാല, പുകയില തുടങ്ങിയവ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി പുതിയ നിർദ്ദേശങ്ങൾ കൊണ്ടുവന്നതും ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന് പത്ത് ശതമാനം സർച്ചാർജ് ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്.

ശ്രീ. മാത്യു റ്റി. തോമസ്: ധനകാര്യ ബില്ലിനെ എതിർക്കുന്നു. ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്താൻ ഉദ്യോഗസ്ഥ-ഭരണ നേതൃത്വം ഒരുമിച്ച് പ്രവർത്തിക്കുന്ന സാഹചര്യം സംസ്ഥാനത്ത് ഉണ്ടാകണം. കടമെടുത്താണെങ്കിൽപ്പോലും സംസ്ഥാനത്തെ വികസനത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുക എന്ന നയമായിരുന്നു കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. സംസ്ഥാനത്തിന്റെ ആസ്തികൾ കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയണം. കഴിഞ്ഞ ഗവൺമെന്റ് പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കായി കടമെടുത്ത തുക ഫലപ്രദമായി ചെലവഴിച്ചിട്ടുണ്ട്. ഇൻഡ്യയിൽ ഏറ്റവുമധികം പ്രതിശീർഷ ഗാർഹിക വരുമാനമുള്ള കുടുംബങ്ങൾ കേരളത്തിലാണെങ്കിലും സംസ്ഥാന ഖജനാ

വിനെ സമ്പുഷ്ടമാക്കാൻ ഈ വരുമാനംകൊണ്ട് കഴിയുന്നില്ല. അതിനാൽ സാമ്പത്തിക കാര്യങ്ങളിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ സമൂലമായ പൊളിച്ചെഴുത്ത് അനിവാര്യമാണ്. കാർഷിക മേഖല അതീവഗുരുതരമായ ഭീഷണി നേരിടുകയാണ്. രാസവളത്തിന്റെ വില വർദ്ധനവ് കൃഷിക്കാരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. കാർഷിക ഭൂമി കോർപ്പറേറ്റുകൾക്ക് നൽകിയതുമൂലം ചെറുകിട കർഷകർ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഭക്ഷ്യരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കണം. നിയമവാഴ്ച ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. നവീന ട്രഷറികൾ എന്ന ആശയം പ്രാവർത്തികമാക്കുകയും എ.ടി.എം. സംവിധാനം നടപ്പിലാക്കുകയും ചെയ്യണം. ട്രഷറിയടക്കമുള്ള സ്ഥാപനങ്ങളെ നശിപ്പിച്ചുകൊണ്ട് സ്വകാര്യബാങ്കുകൾക്ക് വളർന്നുവരാനുള്ള സാഹചര്യം ഒരുക്കുന്നത് അഭിലഷണീയമല്ല. കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനാവശ്യമായ മാച്ചിംഗ് ഗ്രാന്റ് നൽകണം. സംസ്ഥാനത്തെ അറുപതോളം ബോർഡുകളും കോർപ്പറേഷനുകളും റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. നാട്ടിലെ വികസനകാര്യങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കുമാവശ്യമായ പണം കണ്ടെത്താൻ ശ്രമിക്കണം. സംസ്ഥാനം അഭിമുഖീകരിക്കുന്ന മൗലിക പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി.സി. ജോർജ്: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി സമർപ്പിക്കാൻ മുൻ സർക്കാരിന് കഴിഞ്ഞില്ല. ഈ ഗവൺമെന്റ് പാക്കേജ് നടപ്പാക്കുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. ധനകാര്യ മാനേജുമെന്റിനെപ്പറ്റി പറയുമ്പോൾ പ്രധാനമായും കേരളത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളും

വിലയിരുത്തപ്പെടും. കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ ജനക്ഷേമകര മായ പ്രവർത്തനങ്ങൾമൂലമാണ് ഇൻഡ്യയ്ക്കുതന്നെ കേരളം മാതൃകയായത്. അതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കോൺഗ്രസ് പാർട്ടിയുടേയും പ്രവർത്തനങ്ങളെ ചെറുതായി കാണാൻ കഴിയുകയില്ല. 1957 മുതൽ 1975 വരെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനങ്ങളും ഇപ്പോഴത്തെ പ്രവർത്ത നവും താരതമ്യപ്പെടുത്തിയാൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അപചയം സംഭവിച്ചിരിക്കുന്നുവെന്ന് ചിന്തിക്കാൻ നിർബന്ധിതമാകും. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്കും വ്യവസായ വകുപ്പുമന്ത്രിക്കും എതിരെ വ്യവഹാരങ്ങളുമായി നിരന്തരം കോടതിയെ സമീപിച്ചുകൊണ്ടിരിക്കുന്നത് സംസ്ഥാനത്തിന് അപമാനമാണ്. ആരോപണങ്ങൾക്കുവേണ്ടി ആരോപണം ഉന്നയിക്കുന്ന പ്രവണത അവസാനിപ്പിക്കണം. ഉന്മൂലന രാഷ്ട്രീയം ഒഴിവാ ക്കുന്നതിനെപ്പറ്റി ചിന്തിക്കണം. ജനകീയ പ്രശ്നങ്ങളിൽ ഇടപെടുന്ന നയ മാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. സി. ദിവാകരൻ</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതും രാഷ്ട്രീയ അടിത്തറ ഇല്ലാ ത്തതുമായ ഈ സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾ പാസ്സാക്കി കൊടുക്കേണ്ടതില്ല. കേരളത്തിലെ സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. നിരവധി തവണ കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചിട്ട് അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വിലക്കയറ്റം തടയാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ദേശീയ നിലവാരത്തിൽ വിലക്കയറ്റംമൂലം സാധാരണ ജനങ്ങൾ പൊറുതി മുട്ടുന്ന അവസ്ഥയാണുള്ളത്. രാഷ്ട്രീയ സുസ്ഥിരതയില്ലാത്ത ഇൻഡ്യയിൽ

ഇന്ന് ജനങ്ങളാകെ അസംതൃപ്തരാണ്. ഇൻഡ്യൻ ജനാധിപത്യം ഇന്ന് ഭീഷണിയെ നേരിടുകയാണ്. ഇൻഡ്യയിൽ മതേതരത്വവും ജനാധിപത്യവും തുടരണം. രാജ്യം നേരിടുന്ന വിപത്തുകൾക്ക് പരിഹാരം കാണുന്നതിന് കമ്മ്യൂണിസ്റ്റ് വിരുദ്ധ സമീപനം ഉപേക്ഷിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനോപകാരപ്രദമായ ഒരു കാര്യവും ചെയ്തിട്ടില്ല. എൽ. .ഡി.എഫ്. ഗവണ്മെന്റ് രണ്ടുരൂപയ്ക്ക് കൊടുത്തിരുന്ന അരിയാണ് യു.ഡി.എഫ്. ഗവണ്മെന്റ് ഒരു രൂപയ്ക്ക് കൊടുക്കുന്നത്. മുഴുവൻ ആളുകൾക്കും രണ്ടുരൂപയ്ക്ക് അരി കൊടുക്കുമെന്ന യു.ഡി.എഫ്. പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പാക്കിയിട്ടില്ല. കഴിഞ്ഞ ഗവണ്മെന്റ് 300 രൂപയുടെ സാധനങ്ങൾ 150 രൂപയ്ക്ക് റേഷൻ കടകൾവഴി കൊടുക്കാൻ തീരുമാനിച്ചിരുന്നത് ഈ ഗവണ്മെന്റ് റദ്ദാക്കുകയാണുണ്ടായത്. മൗലികമായ പോളിസികൾ കൊണ്ടുവന്ന് ജനങ്ങൾക്ക് അനുകൂലമായ രീതിയിൽ ധനവിനിയോഗം നടത്താനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും ആവശ്യമായ പ്രോജക്ടുകളുണ്ടാക്കണം. കേന്ദ്രത്തിൽനിന്നും കൂടുതൽ ആനുകൂല്യം നേടിയെടുക്കാൻ ശ്രമിക്കണം.

<u>ശ്രീ. പാലോട് രവി:</u> ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. യു.പി.എ. ഗവണ്മെന്റ് കാലോചിതമായ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് ഇന്ത്യയെ ആഗോള സാമ്പത്തിക പ്രതിസന്ധി ബാധിക്കാതിരുന്നത്. സാമ്പത്തികമായി പുരോഗതി പ്രാപിക്കുന്ന ജനാധിപത്യരാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മുന്നിലാണ്. ജി.ഡി.പി. കൂടുന്നതോടൊപ്പം സംസ്ഥാന ഗവണ്മെന്റുകളുടെ റവന്യൂ കമ്മി സർപ്ലസ് ആകുകയും ധനക്കമ്മി കുറയുകയും ചെയ്യുന്നു. 'വാറ്റ്' ഏർപ്പെടുത്തിയതുകൊണ്ടാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പി

ച്ചത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ കരടുരേഖയിൽ ഒരു ലക്ഷത്തി അയ്യായിരം കോടിരൂപയുടെ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. വരുന്ന 5 വർഷത്തിനകം കേരളത്തിൽ കാതലായ മാറ്റം സംഭവിക്കും. സെൻട്രലി സ്പോൺസേർഡ് സ്കീമുകൾ സംസ്ഥാനത്തിനനുകൂലമാക്കി മാറ്റണം. സംസ്ഥാന സമ്പദ്ഘടനയെ മെച്ചപ്പെടുത്തുന്ന സമീപനമാണ് 12-ാം പദ്ധതിയിൽ സ്വീകരിച്ചിരിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക് : ധനകാര്യ ബില്ലിനെ എതിർക്കുന്നു. വാറ്റിനുപുറമേ മറ്റ് നികുതികൾക്കുംകൂടി ഇ-ഫയലിംഗ് ബാധകമാക്കുന്നതും ഇ-പേമെന്റിനുള്ള സമയപരിധി ദീർഘിപ്പിച്ചതും കാർഷിക ഉപകരണങ്ങൾക്കും വളങ്ങൾക്കും നികുതിയിളവ് നൽകിയതും പാൻമസാല, മദ്യം എന്നിവയ്ക്ക് അധിക നികുതി ഏർപ്പെടുത്തിയതും ലക്ഷ്വറി കാറുകൾക്ക് രണ്ട് ശതമാനം സെസ്സ് ചുമത്തിയതുമെല്ലാം യോജിപ്പുള്ള കാര്യങ്ങളാണ്. എന്നാൽ നാലായിരം ചതുരശ്ര അടിയിൽക്കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന രണ്ടുശതമാനം സെസ്സും വൻകിട റബ്ബർ എസ്റ്റേറ്റ് ഉടമകൾ നടത്തുന്ന ഭാഗാധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസും വർദ്ധിപ്പിക്കേണ്ടതാണ്. സമ്പന്നരിൽ നിന്നും കൂടുതൽ നികുതി പിരിക്കാൻ സർക്കാർ തയ്യാറാകണം. ഒരു കുടുംബത്തിന് ഒന്നിലേറെ വീടുകളുണ്ടാകുന്നതിനെ നിരുൽസാഹപ്പെടുത്തണം. സ്വർണ്ണത്തിന്റെ നികുതി പിരിവിൽ വരുത്തുന്ന മാറ്റങ്ങൾ കോമ്പൗണ്ടിംഗ് ഇല്ലാതാക്കുന്ന അവസ്ഥയിലേക്ക് എത്തിക്കരുത്. സ്വർണ്ണത്തിന്റെ നികുതി 20 കോടി രൂപയെന്നത് അഞ്ച് വർഷംകൊണ്ട് 225 കോടി രൂപയായി ഉയർന്നിട്ടുള്ളത് നിലനിറുത്താൻ ഉതകുന്ന രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തണം. ട്രഷറി സേവിംഗ്സ് അക്കൗണ്ടിലൂടെ ശമ്പളം കൊടുക്കുന്നതിനുപകരം വാണിജ്യ ബാങ്കു

കളിലൂടെ നൽകാൻ ഗവൺമെന്റ് തീരുമാനിച്ചതുമൂലം ട്രഷറിയിൽ കുറഞ്ഞ പലിശയ്ക്ക് കിടക്കുമായിരുന്ന 5,000 കോടി രൂപയുടെ നിക്ഷേപം മറ്റ് ബാങ്കു കളിലേക്ക് പോകുന്ന അവസ്ഥയുണ്ടാകും. ക്ഷേമനിധി ബോർഡുകൾ, പഞ്ചായത്തുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മ്യൂച്ചൽ ഫണ്ട് ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് അനുവാദം കൊടുത്തിരിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി തകർക്കുന്ന നടപടിയാണ്. പെൻഷൻ ട്രഷറി വഴിയാക്കാനും ജീവനക്കാർക്ക് ട്രഷറിയിൽ അക്കൗണ്ട് നിർബന്ധിതമാ ക്കാനും സ്പെഷ്യൽ ടീമിനെവച്ച് സ്പാർക്ക് മുഖേന മുഴുവൻ ജീവനക്കാരു ടേയും പെൻഷൻകാരുടേയും സേവന ചരിത്രം കമ്പ്യൂട്ടറിലാക്കാനും കഴിഞ്ഞ ഗവൺമെന്റാണ് നടപടി സ്വീകരിച്ചത്. പോലീസ് ഡിപ്പാർട്ടുമെന്റ് അടക്കം ചില ഡിപ്പാർട്ടുമെന്റുകൾ അനുമതിയില്ലാതെ ശമ്പളം ബാങ്ക് വഴിയാക്കിയ ഉത്തരവ് എൽ.ഡി.എഫ്. ഗവൺമെന്റ് റദ്ദാക്കിക്കൊണ്ട് ട്രഷറിയിൽ കോർ ബാങ്കിംഗിനുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തി. ഈ സാഹചര്യ ത്തിൽ മൂന്ന് വർഷം മുമ്പ് റദ്ദാക്കപ്പെട്ട ഉത്തരവ് പുന:സ്ഥാപിച്ചത് സംശയ കരമായ നടപടിയാണ്. കയറ്റുമതി വർദ്ധിപ്പിച്ച് കൂടുതൽ വിദേശനാണ്യം സമ്പാദിച്ച് സാമ്പത്തിക വളർച്ച കൈവരിക്കണം. പ്രതിപക്ഷത്തിന്റെ നില പാടുകളെ പരസ്യമായി എതിർക്കുകയും അതേ പാത പിന്തുടരുകയും ചെയ്യുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ വികസനത്തിന് ഒരു പങ്കും വഹിക്കാത്ത ന്യൂജനറേഷൻ ബാങ്കുകൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്നത് സംസ്ഥാനത്തിന് വൻ നഷ്ടം ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യം പുന:പരിശോധിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗ ഉടമ്പടിയായതിനാലാണ്

സാമ്പത്തികസ്ഥിതി നോക്കാതെ ആയിരം രൂപ രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തിയത്. ധനവാന്മാരിൽനിന്നും കൂടുതൽ ടാക്സ് ഈടാക്കുന്നതിനുവേണ്ടിയാണ് ഇരുപത് ലക്ഷം രൂപയ്ക്ക് മുകളിലുള്ള കാറുകൾക്ക് ആഡംബര നികുതി ഏർപ്പെടുത്തിയത്. സ്വർണ്ണത്തെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ രണ്ടുതരത്തിൽ നികുതി ഏർപ്പെടുത്തി - കോമ്പൗണ്ടിംഗ് ടാക്സും ടേൺ ഓവർ ടാക്സും - രണ്ടിൽ ഏതാണോ വലുത് അത് അക്സപ്ട് ചെയ്യാമെന്ന് പറയുകയും കോമ്പൗണ്ടിംഗ് ടാക്സ് ഓപ്റ്റ് ചെയ്യുന്നവരിൽനിന്ന് നികുതി പിരിക്കുവാൻ പാടില്ലെന്ന് നിബന്ധന വയ്ക്കുകയും ചെയ്തുവെങ്കിലും നാല് ശതമാനംവരെ നികുതി പിരിച്ചുകൊണ്ടിരുന്നു. ആ നികുതി സർക്കാരിലേക്ക് അക്കൗണ്ട് ചെയ്തിരുന്നില്ല. നികുതി പിരിവ് എത്രയായിരിക്കണം എന്നുള്ളതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. പ്രൈവറ്റ് ബാങ്ക് മുഖേന ശമ്പളം കൊടുക്കുന്നു എന്ന പ്രചരണം ശരിയല്ല. പബ്ലിക് സെക്ടർ ബാങ്കുകൾക്ക് മാത്രമാണ് അനുവാദം കൊടുത്തിട്ടുള്ളത്. പബ്ലിക് സെക്ടർ ബാങ്കുകളിൽക്കൂടിയുള്ള ശമ്പള വിതരണത്തിന്റെ ഓർഡറും ഇന്ത്യാ ഗവൺമെന്റിന്റേയും റിസർവ്വ് ബാങ്കിന്റേയും ഇൻസ്ട്രക്ഷൻസിന്റെ അടിസ്ഥാനത്തിൽ ലോക്കൽബോഡീസിനും ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി., ആക്സിസ് എന്നീ ബാങ്കുകളുടെ സർവ്വീസ് സ്വീകരിക്കാം എന്നുള്ള ഗവൺമെന്റ് ഉത്തരവുകൾ പത്രക്കാർക്ക് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അത് പിൻവലിക്കേണ്ട കാര്യമില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്ക്കരിച്ചു.)

ഇല്ലാത്ത കേസ് ഉണ്ടാക്കാനുള്ള ഗൂഢശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. എൻ.ജി.ഒ.മാർക്കുള്ള ശമ്പള ബിൽ ഡ്രോയിംഗ് ഓഫീസർ കൊടുത്താൽ ബാങ്കിൽ നിന്നാണ് മാറുന്നത്. ഇപ്പോൾ ഒന്നുകൂടി സൗകര്യം ചെയ്തു എന്നേയുള്ളൂ. സ്ട്രീറ്റ് സർവ്വേയിലൂടെ 1139 പുതിയ രജിസ്ട്രേഷൻ ഉണ്ടാക്കിയതിന്റെ ഫലമായി ടാക്സ് വരുമാനം വർദ്ധിപ്പിക്കാനും വാർഷിക റിട്ടേൺ സ്ക്രൂട്ടിണി കാര്യക്ഷമമാക്കിയതിലൂടെയും ചെക്ക്പോസ്റ്റിൽ ഇ-ഡിക്ലറേഷൻ ഏർപ്പെടുത്തിയതിന്റെ ഫലമായും നികുതി വെട്ടിപ്പ് വളരെയേറെ നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇന്റലിജന്റ്സ് സംവിധാനം ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. വരുന്നതോടുകൂടി ടാക്സ് വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. പെട്രോളിന്റെയും ഡീസലിന്റെയും അധിക നികുതി വരുമാനം വേണ്ടന്നുവച്ചിട്ടുപോലും 19 ശതമാനം നികുതി വളർച്ച കൈവരിക്കാൻ സാധിച്ചു. ടാക്സേഷൻ നെറ്റ്വർക്ക് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഒരു ഫ്രണ്ട്ലി ടാക്സ് പോളിസി നടപ്പാക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. 2009-10-ൽ സ്റ്റിമുലസ് പാക്കേജിന് 10,000 കോടി രൂപ പ്രഖ്യാപിച്ചെങ്കിലും 86 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ നീക്കിവച്ചത്. ദേശീയ തലത്തിലുള്ള ആളോഹരി കടബാധ്യത 10,018 രൂപ മാത്രമാണെന്നിരിക്കെ കഴിഞ്ഞ സർക്കാരിന്റെ ധനകാര്യ കെടുകാര്യസ്ഥതയുടെ ഫലമായി സംസ്ഥാനത്ത് അത് 23,564 രൂപയായി വർദ്ധിച്ചുവെന്ന് മാത്രമല്ല, മൊത്തം കടബാധ്യത 2011-ൽ 78,673 കോടി രൂപയായി ഉയരുകയും ചെയ്തു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അഭിപ്രായത്തിൽ ഡെബ്റ്റ് സ്ട്രെസ്സായ സംസ്ഥാനമാണ് കേരളം. എൽ.ഡി.എഫ്. ഗവൺമെന്റ്

തെറ്റായ നയങ്ങൾ നടപ്പാക്കിയതുമൂലം 5064 കോടി രൂപയുടെ അധിക ബാധ്യത അടിച്ചേൽപ്പിച്ചുവെങ്കിലും വരുമാനം വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും ശരിയായ മാനേജ്മെന്റിലൂടെ ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

2011-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.25-ന് പിരിഞ്ഞു.

@@@@@@@